# 3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ
# 2025-TGC—ദൂത് ഒന്ന്— ജീവനുള്ള നക്ഷത്രമെന്ന നിലയിൽ സ്വർഗീയ ക്രിസ്തുവിന്റെ കാലികവും, തൽക്ഷണവും, ജീവനുള്ളതുമായ ദർശനം

## ദിവസം 1

### വിഷയം 1

We Saw His Star When It Rose (Matt. 2:2; Num. 24:17)
(Please illustrate that the Jews had the Bible concerning Christ and knew where He would be born, but the magi saw the star of Christ.)

അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ ഞങ്ങൾ കണ്ടു (മത്താ. 2:2; സംഖ്യ 24:17)
(ക്രിസ്തുവിനെ സംബന്ധിച്ച ബൈബിൾ യഹൂദന്മാരുടെ പക്കൽ ഉണ്ടായിരുന്നുവെന്നും അവൻ എവിടെ ജനിക്കുമെന്ന് അവർക്ക് അറിയാമായിരുന്നുവെന്നും, എന്നാൽ വിദ്വാന്മാർ ക്രിസ്തുവിന്റെ നക്ഷത്രത്തെ കണ്ടു എന്നും ദയവായി വിശദമാക്കുക.)

### വിഷയം 2

The Jewish Religionists Had the Bible, but the magi  Had a Living Vision—the Star in Heaven (Matt. 2:2)
(Please illustrate that this shining star, far away from all divine things, appeared to some gentiles in a foreign land.)

യഹൂദ മതഭക്തരുടെ പക്കൽ ബൈബിൾ ഉണ്ടായിരുന്നു, എന്നാൽ വിദ്വാന്മാർക്ക് ജീവനുള്ള ഒരു ദർശനം—ആകാശത്തിലെ നക്ഷത്രം—ഉണ്ടായിരുന്നു (മത്താ. 2:2)
(ദിവ്യമായ എല്ലാ കാര്യങ്ങളിൽ നിന്നും ദൂരെയായിരുന്ന ഈ പ്രകാശിക്കുന്ന നക്ഷത്രം ഒരു അന്യദേശത്തെ ചില ജാതികൾക്ക് പ്രത്യക്ഷപ്പെട്ടു എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 2

### വിഷയം 3

The Book of the Bible Was in the Hands of the Jews, but the Star Was Shown to the Pagans (Matt. 2:4-6)
(Please illustrate that we may have the Bible, but we may have missed the star.)

ബൈബിൾ യഹൂദന്മാരുടെ കൈകളിലായിരുന്നു, എന്നാൽ നക്ഷത്രം കാണിക്കപ്പെട്ടത് ജാതീയർക്കായിരുന്നു (മത്താ. 2:4-6)
(നമ്മുടെ പക്കൽ ബൈബിൾ ഉണ്ടായിരിക്കാം, എന്നാൽ നമുക്ക് നക്ഷത്രത്തെ നഷ്ടമായിരിക്കാം എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 4

That Star Was a Living Revelation, a Living Vision (Matt. 2:4-6)
(Please illustrate that what we need today is not merely the knowledge of the Bible but a heavenly vision, a present vision, a living vision.)

ആ നക്ഷത്രം ഒരു ജീവനുള്ള വെളിപാടും, ജീവനുള്ള ദർശനവുമായിരുന്നു (മത്താ. 2:4-6)

(ഇന്ന് നമുക്ക് വേണ്ടത് ബൈബിളിനെക്കുറിച്ചുള്ള അറിവ് മാത്രമല്ല, സ്വർഗ്ഗീയമായ ഒരു ദർശനം, ഒരു തൽക്ഷണ ദർശനം, ജീവനുള്ള ഒരു ദർശനം എന്നിവയാണ് എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 3

### വിഷയം 5

We Must Leave Religion (Micah 5:2; Matt. 2:10)
(Please illustrate that as soon as the magi entered into religion, they lost the star; but when they left religion, the star appeared to them again.)

നാം മതത്തെ ഉപേക്ഷിക്കണം (മീഖാ 5:2; മത്താ. 2:10)
(വിദ്വാന്മാർ മതത്തിലേക്ക് പ്രവേശിച്ച ഉടൻ തന്നെ അവർക്ക് നക്ഷത്രത്തെ നഷ്ടമായി; എന്നാൽ അവർ മതം വിട്ടുപോയപ്പോൾ നക്ഷത്രം അവർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 6

Not by the Knowledge of the Bible Alone, but by the Living Star (Micah 5:2; Matt. 2:10)
(Please illustrate how we can find Christ and serve Him.)

ബൈബിളിന്റെ അറിവിനാൽ മാത്രമല്ല, ജീവനുള്ള നക്ഷത്രത്താലുമാണ് (മീഖാ 5:2; മത്താ. 2:10)
(നമുക്ക് എങ്ങനെ ക്രിസ്തുവിനെ കണ്ടെത്താമെന്നും അവനെ സേവിക്കാമെന്നും ദയവായി വിശദമാക്കുക.)

## ദിവസം 4

### വിഷയം 7

At the Beginning of the New Testament, the Star Was Outside of Religion, but at the End of the New Testament, the Stars Are Inside the Churches (Rev. 1:20)
(Please illustrate what two related things we see concerning the star in Matthew 2 and in Revelation, the last book of the Bible.)

പുതിയ നിയമത്തിന്റെ ആരംഭത്തിൽ നക്ഷത്രം മതത്തിന് പുറത്തായിരുന്നു, എന്നാൽ പുതിയ നിയമത്തിന്റെ അവസാനത്തിൽ നക്ഷത്രങ്ങൾ സഭകൾക്കുള്ളിലാണ് (വെളി. 1:20)
(മത്തായി 2-ലും ബൈബിളിലെ അവസാന പുസ്തകമായ വെളിപ്പാടിലും നക്ഷത്രത്തെ സംബന്ധിച്ച് ബന്ധപ്പെട്ട ഏത് രണ്ട് കാര്യങ്ങളാണ് നാം കാണുന്നത് എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 8

The Stars Are Those Who Shine in the Darkness and Turn People from the Wrong Way to the Right Way (Dan. 12:3)
(What does it mean to be a star?)

അന്ധകാരത്തിൽ പ്രകാശിക്കുകയും ആളുകളെ തെറ്റായ വഴിയിൽ നിന്ന് ശരിയായ വഴിയിലേക്ക് തിരിക്കുകയും ചെയ്യുന്നവരാണ് നക്ഷത്രങ്ങൾ (ദാനീ. 12:3)
(ഒരു നക്ഷത്രമായിരിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?)

## ദിവസം 5

### വിഷയം 9

This Star Comes from the Living Word (2 Pet. 1:19)
(Please illustrate that we must not just read the Bible; we must pay attention to the word of the prophets until the day dawns and the morning star rises in our hearts.)

ഈ നക്ഷത്രം വരുന്നത് ജീവനുള്ള വചനത്തിൽ നിന്നാണ് (2 പത്രൊ. 1:19)
(നാം ബൈബിൾ വായിക്കുക മാത്രം ചെയ്യരുത്; നാൾ പുലരുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം പ്രവാചക വചനത്തിന് നാം ശ്രദ്ധ കൊടുക്കണം എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 10

The Shining of the Lord Jesus on the Mountaintop Was the Coming of the Kingdom (Matt. 17:1-2)
(Please illustrate that the kingdom is the spreading of the Lord Jesus by shining upon you.)

മലമുകളിൽ കർത്താവായ യേശുവിന്റെ പ്രകാശനം രാജ്യത്തിന്റെ വരവായിരുന്നു (മത്താ. 17:1-2)
(നിങ്ങളുടെ മേൽ പ്രകാശിക്കുന്നതിലൂടെയുള്ള കർത്താവായ യേശുവിന്റെ വ്യാപനമാണ് രാജ്യം എന്ന് ദയവായി വിശദമാക്കുക.)

## ദിവസം 6

### വിഷയം 11

In the Dark Night, We Need to Function like the Stars (Matt. 13:43; Jude 13)
(Please illustrate that we should be stars, but not wandering stars.)

ഇരുണ്ട രാത്രിയിൽ നാം നക്ഷത്രങ്ങളെപ്പോലെ പ്രവർത്തിക്കണം (മത്താ. 13:43; യൂദാ 13)
(നാം നക്ഷത്രങ്ങളായിരിക്കണം, എന്നാൽ അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങളായിരിക്കരുത് എന്ന് ദയവായി വിശദമാക്കുക.)

### വിഷയം 12

Do Not Be Wandering Stars, nor Follow Wandering Stars (Jude 13)
(Please illustrate how we can recognize wandering stars.)

അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങളാകരുത്, അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങളെ പിന്തുടരുകയും ചെയ്യരുത് (യൂദാ 13)
(അലഞ്ഞുനടക്കുന്ന നക്ഷത്രങ്ങളെ എങ്ങനെ തിരിച്ചറിയാം എന്ന് ദയവായി വിശദമാക്കുക.)